## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **6249** **07.11.2016**-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി യിൽ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഒഴിവുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്ആർ.ടി.സി യിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ താൽക്കാലിക അടിസ്ഥാനത്തിലും വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരവും എത്ര പേർ ജോലി നോക്കി വരുന്നു; | (എ) | കെ.എസ്.ആർ.ടി.സി.യിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ താത്ക്കാലികാടിസ്ഥാനത്തിൽ 444 പേരും വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം 119 പേരും ജോലി നോക്കി വരുന്നു. |
| (ബി) | ജൂനിയർ അസിസ്റ്റന്റ്, അസിസ്റ്റന്റ് ഗ്രേഡ് തസ്തികകളിൽ കെ.എസ്.ആർ.ടി.സി യിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ ശേഖരിച്ചു വരുന്നു. 17.12.2015-ന് ശേഷമുള്ള പ്രൊമോഷൻ, റിട്ടയർമെന്റ്, ജോലി വിട്ടുപോകൽ തുടങ്ങിയ കാരണങ്ങളാൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ വിവരം ശേഖരിച്ചു വരുന്നു. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 9 വർഷം പൂർത്തിയാക്കുകയും, മാനുവൽ ഓഫ് ഓഫീസ് പ്രൊസീജ്യർ, അക്കൗണ്ട് ടെസ്റ്റ് മുതലായവ പാസ്സാവുകയും ചെയ്യുന്ന ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയാണ് അസിസ്റ്റന്റ് ഗ്രേഡ്. |

സെക്ഷൻ ഓഫീസർ